# മധുരമായ കുട്ടികളേ, നിങ്ങൾ വളരെ ഭാഗ്യശാലികളാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ബാബയുടെ ഓർമ്മയല്ലാതെ വേറൊരു ചിന്തയും ഇല്ല, ഈ ബാബക്ക് (ബ്രഹ്മാബാബ)പിന്നെയും വളരെ ചിന്തകൾ വരാറുണ്ട്.

**ചോദ്യം:–** ബാബയുടെ അടുക്കലുള്ള സൽപുത്രരായ കുട്ടികളുടെ അടയാളം എന്തായിരിക്കും?
**ഉത്തരം:–** സർവ്വരുടേയും ബുദ്ധിയോഗം അവർ ഒരു ബാബയുമായി ബന്ധിപ്പിച്ചുകൊണ്ടേയിരിക്കും, സർവ്വീസബിൾ ആയിരിക്കും. നല്ലതുപോലെ പഠിച്ച് മറ്റുള്ളവരേയും പഠിപ്പിക്കും. ബാബയുടെ ഹൃദയത്തിൽ ഇടം പിടിച്ചവരായിരിക്കും. ഇങ്ങനെയുള്ള സൽപുത്രരായ കുട്ടികൾ തന്നെയാണ് ബാബയുടെ പേര് പ്രസിദ്ധമാക്കുന്നത്. നല്ലതു പോലെ പഠിക്കാത്തവർ മറ്റുള്ളവരെയും ചീത്തയാക്കും. ഇതും ഡ്രാമയിലുള്ളതാണ്.

**ഗീതം:–** മാതാ പിതാവിന്റെ ആശീർവ്വാദം നേടൂ........

**ഓം ശാന്തി**. ഒരോ വീട്ടിലും അച്ഛനും, അമ്മയും, പിന്നെ രണ്ടോ നാലോ കുട്ടികളും കാണും. മാതാപിതാക്കളുടെ ആശീർവ്വാദം വാങ്ങിക്കാറുണ്ട്. അത് പരിധിയുള്ള കാര്യമാണ്. ഈ പാട്ട് പരിധിയുള്ളതിനെക്കുറിച്ച് പാടിയതാണ്. പരിധിയില്ലാത്തതിനെക്കുറിച്ച് ആർക്കും തന്നെ അറിഞ്ഞുകൂടാ. നിങ്ങൾ കുട്ടികൾക്കിപ്പോൾ അറിയാം നമ്മൾ പരിധിയില്ലാത്ത ബാബയുടെ ആൺമക്കളും, പെൺമക്കളുമാണ്. പരിധിയുള്ള മതാപിതാക്കന്മാരുടെ ആശീർവ്വാദം വാങ്ങിക്കൂ, അത് പരിധിയുള്ള മാതാപിതാക്കളാണ്. ഇത് പരിധിയില്ലാത്ത മാതാ പിതാവാണ്. പരിധിയുള്ള അച്ഛനും, അമ്മയും കുട്ടികളെ സംരക്ഷിക്കുന്നു, പിന്നെ ടീച്ചർ പഠിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഇത് പരിധിയില്ലാത്ത അച്ഛനും, അമ്മയുമാണ്, പരിധിയില്ലാത്ത ടീച്ചർ, പരിധിയില്ലാത്ത സത്ഗുരു, സുപ്രീം ഫാദർ, സുപ്രീം ടീച്ചർ, സുപ്രീം സദ്ഗുരുവുമാണ്. സത്യം പറയുന്ന, സത്യം പഠിപ്പിക്കുന്ന ആളാണ്. കുട്ടികൾ നമ്പർവൈസായിരിക്കുമല്ലോ? ലൗകിക വീട്ടിൽ രണ്ടോ നാലോ കുട്ടികളുണ്ടെങ്കിൽ അവരെ നല്ലതു പോലെ സംരക്ഷിക്കേണ്ടി വരും. ഇവിടെ എത്ര കുട്ടികളാണുള്ളത്, എത്രയോ സെന്ററുകളിൽ നിന്നും കുട്ടികളെക്കുറിച്ച് വാർത്തകൾ വരാറുണ്ട് ഇന്ന കുട്ടി ഇങ്ങനെയാണ്, ആസുരീയ പ്രവർത്തികൾ ചെയ്യുന്നു, ബുദ്ധിമുട്ടിക്കുന്നു, വിഘ്നമിടുന്നു. ഈ ബാബക്ക് ചിന്ത വരില്ലേ. പ്രജാപിതാവ് ഇദ്ദേഹമല്ലേ? എത്രയോ കുട്ടികളെക്കുറിച്ച് ചിന്തിക്കുന്നുണ്ട്. അതുകൊണ്ടാണ് ബാബ പറയുന്നത് നിങ്ങൾ കുട്ടികൾക്ക് നല്ലതു പോലെ ബാബയെ ഓർമ്മിക്കുവാൻ സാധിക്കും. ഇദ്ദേഹത്തിന് ആയിരക്കണക്കിന് ചിന്തകൾ വരുന്നുണ്ട്. ഒരു ബാബയെക്കുറിച്ചുള്ള ചിന്തയുണ്ട്, ആയിരക്കണക്കിന് ചിന്തകൾ വേറെയുമുണ്ട്. എത്രയോ കുട്ടികളെ സംരക്ഷിക്കേണ്ടി വരുന്നു. മായയും വളരെ വലിയ ശത്രുവാണ്. നല്ലതുപോലെ ചിലരെ തൊലിയുരിച്ചു കളയുന്നു. ചിലരെ മൂക്കിനു പിടിക്കുന്നു, ചിലരെ കുടുമിക്ക് പിടിക്കുന്നു. ഇത്രയും കുട്ടികളെക്കുറിച്ചും ചിന്തിക്കേണ്ടി വരുന്നു. പിന്നെ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുകയും വേണം. നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്. ബാബയുടെ ശ്രീമതമനുസരിച്ച് നടന്ന് ബാബയിൽ നിന്നും എന്തുകൊണ്ട് സമ്പത്തെടുത്തുകൂടാ എന്നും നിങ്ങൾ വിചാരിക്കാറുണ്ട്. സർവ്വരും ഒരേപോലെ പോകില്ലല്ലോ, കാരണം രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, ഇത് മറ്റാരുടേയും ബുദ്ധിയിൽ വരില്ല. ഇത് വളരെ ഉയർന്ന പഠിത്തമാണ്. ചക്രവർത്തി പദവി കിട്ടിക്കഴിഞ്ഞാൽ പിന്നെ എങ്ങനെയാണീ രാജധാനി എങ്ങനെ സ്ഥാപിക്കപ്പെട്ടുവെന്ന് അറിയാനാവില്ല. ഈ രാജധാനി സ്ഥാപിക്കുന്ന കാര്യം വളരെ അതിശയമാണ്. നിങ്ങളിപ്പോൾ അനുഭവികളാണ്. നമ്മൾ ആരായിരുന്നു, പിന്നെങ്ങനെ 84 ജന്മം എടുത്തു എന്നത് ആദ്യം ഇദ്ദേഹത്തിനും അറിഞ്ഞുകൂടായിരുന്നു ഇപ്പോൾ മനസ്സിലായി. നിങ്ങളും പറയുന്നു, ബാബാ.. താങ്കൾ അതേ ആൾ തന്നെയാണ്, ഇതു നന്നായി മനസ്സിലാക്കേണ്ട കാര്യമാണ്. ഈ സമയത്ത് ബാബ വന്ന് സർവ്വ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. എത്ര വലിയ കോടിപതിയോ, ലക്ഷപ്രഭുക്കന്മാരോ ഈ സമയത്തുണ്ടെങ്കിലും ബാബ പറയുന്നു ഇതെല്ലാം മണ്ണിലേക്കു പോകും. ബാക്കി ഇനി എത്ര സമയം ഉണ്ട്. ലോകത്ത് എന്തെല്ലാം നടക്കുന്നുവെന്ന് നിങ്ങൾ റേഡിയോയിലൂടെയും, പത്രങ്ങളിലൂടെയും മനസ്സിലാക്കുന്നുണ്ട്. ദിവസം തോറും വഴക്കുകൾ കൂടി വരുന്നു. കെട്ടു പിണഞ്ഞു തന്നെ കിടക്കുന്നു. എല്ലാ വരും പരസ്പരം വഴക്കടിച്ചും പോരാടിയും മരിക്കുന്നു. തയാറെടുപ്പുകൾ കാണുമ്പോൾ തന്നെ മനസ്സിലാക്കാം യുദ്ധം ആരംഭിച്ചു കഴിഞ്ഞുവെന്ന്. എന്ത് സംഭവിച്ചു,, എന്ത് സംഭവിക്കാനിരിക്കുന്നു എന്നൊന്നും ലോകത്തിലുള്ളവർക്കറിയില്ല. നിങ്ങളിലും വളരെക്കുറച്ചു പേർ മാത്രമേ പൂർണ്ണമായും മനസ്സിലാക്കി സന്തോഷത്തോടെ ഇരിക്കുന്നുള്ളു. ഈ ലോകത്തിൽ ഇനി കുറച്ചു ദിവസങ്ങളെ

അവശേഷിക്കുന്നുള്ളു. നമുക്കിപ്പോൾ കർമ്മാതീതാവസ്ഥ നേടണം. ഓരോരുത്തരും അവരവർക്കുവേണ്ടി പുരുഷാർത്ഥം ചെയ്യണം. നിങ്ങൾ നിങ്ങൾക്കുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. ഇതു ചെയ്യുന്നതിനനുസരിച്ച് ഫലം കിട്ടും. പുരുഷാർത്ഥം ചെയ്യുകയും, മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുകയും വേണം. വഴി പറഞ്ഞുകൊടുക്കണം. ഈ പഴയ ലോകം നശിക്കണം. ഇപ്പോൾ പുതിയ ലോകം സ്ഥാപിക്കുവാൻ വേണ്ടി ബാബ വന്നിരിക്കുകയാണ്, നിങ്ങൾ വിനാശത്തിനു മുൻപേ പുതിയ ലോകത്തിലേക്കു പോകുന്നതിനു വേണ്ടി പഠിക്കൂ. ഭഗവാൻ ഉച്ചരിച്ചതാണ്, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ഓമനമക്കളേ, നിങ്ങൾ ഒരുപാട് ഭക്തി ചെയ്തു. അരകൽപം നിങ്ങൾ രാവണരാജ്യത്തിലായിരുന്നില്ലേ? രാമൻ എന്ന് ആരെയാണ് പറയുന്നതെന്ന് ആർക്കും തന്നെയറിയില്ല. രാമരാജ്യം എങ്ങനെ സ്ഥാപിക്കപ്പെട്ടു? ഇതെല്ലാം നിങ്ങൾ ബ്രാഹ്മണർക്കറിയാം. നിങ്ങളിലും ഒന്നുമറിഞ്ഞുകൂടാത്ത പലരുമുണ്ട്.

സർവ്വരുടേയും ബുദ്ധിയോഗം ഒരു ബാബയോടൊപ്പം യോജിപ്പിക്കുന്ന സൽപുത്രരായ കുട്ടികൾ ബാബക്കുണ്ട്. സർവ്വീസബിളായ നല്ലതു പോലെ പഠിക്കുന്ന കുട്ടികൾ ബാബയുടെ ഹൃദയത്തിലിരിക്കുന്നു. അയോഗ്യരാകുന്നവരുമുണ്ട്, സേവനത്തിനുപകരം ഡിസ്സർവ്വീസ് ചെയ്താൽ അവിടെ ബുദ്ധിയോഗം ബാബയിൽ നിന്നും മുറിഞ്ഞു പോകുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. ഡ്രാമയനുസരിച്ച് ഇങ്ങിനെ നടക്കേണ്ടത് തന്നെയുണ്ട്. പൂർണ്ണമായും പഠിക്കാത്തവർ എന്തു ചെയ്യും, മറ്റുള്ളവരേയും നശിപ്പിക്കും. അതുകൊണ്ട് കുട്ടികളോടു പറയുന്നു, ബാബയെ ഫോളോ ചെയ്യൂ, സേവാധാരികളായ, ബാബയുടെ ഹൃദയത്തിൽ ഇടം പിടിച്ച കുട്ടികളുടെ കൂട്ടു കൂടണം. ആരോടു കൂട്ടു കൂടണം എന്ന് ചോദിക്കുവാൻ സാധിക്കും. ഇവരുടെ കൂട്ടു കൊള്ളാം എന്ന് ബാബ പെട്ടെന്ന് ഉത്തരം തരും. ഒരുപാടു കുട്ടികൾ തെററായ കൂട്ടു കൂടുന്നുണ്ട്. നല്ല കൂട്ടുകെട്ട് ഉയർത്തും, മോശമായ കൂട്ടുകെട്ട് താഴ്ത്തും എന്ന് പറയറുണ്ട്. കൂട്ടുകെട്ട് മോശമായാൽ പൂർണ്ണമായും നശിച്ചു പോകും. വീടുകളിലും ദാസദാസിമാരെ വേണം. പ്രജകൾക്കും ജോലിക്കാരെ വേണമല്ലോ? രാജധാനി പൂർണ്ണമായും സ്ഥാപിക്കപ്പെടുകയാണ്. ഇതിൽ ബുദ്ധി വളരെ വിശാലമായിരിക്കണം .പരിധിയില്ലാത്ത ബാബയെ കിട്ടി, അതുകൊണ്ട് ശ്രീമതമസരിച്ച് നടക്കൂ. ഇല്ലെങ്കിൽ വെറുതെ പദവി പോകും. ഇത് പഠിത്തമാണ്. ഇതിൽ തോറ്റു പോയാൽ ജന്മജന്മാന്തരം കൽപകൽപാന്തരം തോറ്റു പോകും. നല്ലതു പോലെ പഠിച്ചാൽ കൽപകൽപാന്തരം നല്ലതു പോലെ പഠിക്കും. പൂർണ്ണമായും പഠിക്കുന്നില്ലെങ്കിൽ എന്തു പദവി കിട്ടും എന്ന് മനസ്സിലാക്കി തരുന്നു. നമ്മൾ സേവനമൊന്നും ചെയ്യുന്നില്ലെന്ന് സ്വയവും മനസ്സിലാക്കുവാൻ സാധിക്കും. നമ്മളേക്കാൾ സമർത്ഥരായവരുണ്ട്, സമർത്ഥരായവരേയാണ് പ്രഭാഷണങ്ങൾക്കൊക്കെ വിളിക്കുന്നത്. അപ്പോൾ സമർത്ഥരായവർ തീർച്ചയായും ഉയർന്ന പദവി നേടും. നമുക്കിത്രയും സേവനം ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ ഉയർന്ന പദവിയും നേടുവാൻ സാധിക്കില്ല. ടീച്ചർക്ക് വിദ്യാർത്ഥിയെ മനസ്സിലാക്കുവാൻ കഴിയുമല്ലോ? ദിവസവും പഠിക്കുന്നവരുടെ രജിസ്റ്റർ ടീച്ചറിന്റെ പക്കൽ ഉണ്ടാകും. പഠിത്തത്തിന്റേയും, സ്വഭാവത്തിന്റേയും രജിസ്റ്റർ വെക്കാറുണ്ട്. ഇവിടേയും ഇങ്ങനെയാണ്, ഇവിടെ പിന്നെ ഏറ്റവും മുഖ്യമായ കാര്യം യോഗമാണ്. നല്ലതുപോലെ യോഗം ചെയ്യുന്നുണ്ടെങ്കിൽ പെരുമാറ്റവും നല്ലതായിരിക്കും. പഠിത്തത്തിൽ ചിലപ്പോൾ അഹങ്കാരം വരാറുണ്ട്. ഓർമ്മിക്കുവാനായി ഗുപ്തമായി പരിശ്രമിക്കണം. ഞങ്ങൾക്ക് യോഗം ചെയ്യുവാൻ സാധിക്കുന്നില്ല ബാബാ എന്ന് പറയുന്ന ഒരുപാടു പേരുടെ വാർത്ത കിട്ടാറുണ്ട്. ബാബ പറയുന്നു യോഗം എന്ന വാക്ക് മാറ്റൂ. സമ്പത്ത് തരുന്ന ബാബയെ നിങ്ങൾക്ക് ഓർമ്മിക്കുവാൻ സാധിക്കുന്നില്ലേ? അതിശയം തന്നെ. ബാബ പറയുന്നു, അല്ലയോ ആത്മാക്കളേ നിങ്ങൾക്കെന്നെ ഓർമ്മിക്കുവാൻ കഴിയുന്നില്ലേ? നിങ്ങൾക്ക് വഴി പറഞ്ഞു തരാനാണ് ഞാൻ വന്നിരിക്കുന്നത്, നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഈ യോഗാഗ്നിയിലൂടെ പാപം ഇല്ലാതാകും. ഭക്തിമാർഗത്തിൽ മനുഷ്യർ എത്രമാത്രം കഷ്ടപ്പെടുന്നു, കുംഭമേളയുടെ സമയത്ത് എത്ര തണുത്ത വെള്ളത്തിൽ കുളിക്കുന്നു. എത്ര ബുദ്ധിമുട്ടുകൾ സഹിക്കുന്നു. ഇവിടെ ഒരു ബുദ്ധിമുട്ടുമില്ല. ഫസ്റ്റ്ക്ളാസ്സ് കുട്ടികൾ ഒരേയൊരു പ്രിയതമന്റെ സത്യമായ പ്രിയതമമാരായി ഓർമ്മിക്കും. ചുറ്റിക്കറങ്ങാൻ പോയാലും പൂന്തോട്ടത്തിൽ പോയി ഏകാന്തമായിരുന്ന് ഓർമ്മിക്കും. പരദൂഷണം നടത്തിയാൽ വായുമണ്ഡലം ചീത്തയാകും. അതുകൊണ്ട് സമയം കിട്ടുന്നതിനനുസരിച്ച് ബാബയെ ഓർമ്മിക്കുവാൻ പ്രാക്ടീസ് ചെയ്യൂ. സത്യമായ പ്രിയതമന്റെ ഫസ്റ്റ്ക്ളാസ്സ് പ്രിയതമമാരായി മാറൂ. ബാബ പറയുന്നു, ദേഹധാരികളുടെ ഫോട്ടോ വരരുത്. ഓർമ്മിക്കുവാൻ വേണ്ടി ഒരു ശിവബാബയുടെ മാത്രം ഫോട്ടോ വെക്കൂ. സൃഷ്ടിചക്രത്തിനേയും ഓർമ്മിക്കൂ, ത്രിമൂർത്തിയുടേയും, ചക്രത്തിന്റേയും ചിത്രം ഫസ്റ്റ്ക്ളാസ്സ് ആണ് ഇതിൽ മുഴുവൻ ജ്ഞാനവും വരുന്നുണ്ട്.നിങ്ങളുടെ സ്വദർശനചക്രധാരി എന്ന പേര് അർത്ഥസഹിതമാണ്. പുതിയവർക്ക് ഇങ്ങനെയുള്ള പേര് കേട്ടാൽ ഒന്നും മനസ്സിലാകില്ല. ഇത് നിങ്ങൾ കുട്ടികൾ തന്നെയാണ് മനസ്സിലാക്കുന്നത്. നിങ്ങളിലും ചിലർ നല്ലതു പോലെ ഓർമ്മിക്കുന്നു. വളരെപ്പേർ ഓർമ്മിക്കുന്നതേയില്ല. തന്റെ തന്നെ വയറ്റത്തടിക്കുന്നു. പഠിക്കുവാൻ വളരെ എളുപ്പമാണ്.

ബാബ പറയുന്നു, സൈലൻസിലൂടെ നിങ്ങൾ സയൻസിന്റെ മേൽ വിജയം നേടണം. സൈലൻസിന്റേയും സയൻസിന്റേയും രാശി ഒന്നു തന്നെയാണ്. മിലിട്ടിറിയിലും മൂന്ന് മിനിട്ട് നിശബ്ദരായി ഇരുത്താറുണ്ട്. നമുക്ക് ശാന്തി കിട്ടണം എന്ന് മനുഷ്യരും ആഗ്രഹിക്കുന്നു. ബ്രഹ്മാണ്ഡമാണ് ശാന്തിയുടെ സ്ഥാനം എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ആ ബ്രഹ്മമഹത്തത്വത്തിൽ നമ്മൾ ആത്മാക്കൾ ചെറിയ ബിന്ദുവായി ഇരിക്കുന്നു. ആ സർവ്വാത്മാക്കളുടേയും വൃക്ഷം വളരെ അതിശയമാണ്. ഭൃകുടി മദ്ധ്യത്തിൽ പ്രകാശിക്കുന്ന അത്ഭുത നക്ഷത്രം എന്ന് മനുഷ്യർ പറയാറുണ്ട്. സ്വർണ്ണം കൊണ്ടുള്ള ചെറിയ പൊട്ടുണ്ടാക്കി ഭൃകുടിയിൽ വെക്കുന്നു. ആത്മാവും ബിന്ദുവാണ് , ബാബയും ആത്മാവിന്റെ അടുക്കൽ വന്നിരിക്കുന്നു. സാധു സന്ന്യാസിമാർക്കാർക്കും ആത്മാവിനെക്കുറിച്ചറിയില്ല. ആത്മാവിനെപ്പോലും അറിയുന്നില്ലെങ്കിൽ പിന്നെ പരമാത്മാവിനെ എങ്ങനെ അറിയാനാണ്. നിങ്ങൾ ബ്രാഹ്മണർ മാത്രമേ ആത്മാവിനെക്കുറിച്ചും പരമാത്മാവിനെക്കുറിച്ചും അറിയുന്നുള്ളു. ഒരു ധർമ്മത്തിലുള്ളവർക്കും അറിയുവാൻ സാധിക്കില്ല. എങ്ങനെയാണ് ഇത്രയും ചെറിയ ആത്മാവ് മുഴുവൻ പാർട്ടും അഭിനയിക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾ തന്നെയാണ് മനസ്സിലാക്കുന്നത്. സത്സംഗങ്ങളിലൊക്കെ ഒരുപാട് പോകുന്നതല്ലാതെ ഒന്നും മനസ്സിലാകുന്നില്ല. ഈ ബ്രഹ്മാവിനും ഒരുപാട് ഗുരുക്കന്മാരുണ്ടായിരുന്നു. ഇപ്പോൾ ബാബ പറയുന്നു, ഇവരൊക്കെ ഭക്തിമാർഗത്തിലെ ഗുരുക്കൻമാരാണ്. ജ്ഞാനമാർഗത്തിൽ ഒരേയൊരു ഗുരു മാത്രമേയുള്ളു. ഡബിൾ കിരീടധാരികളായ രാജാക്കന്മാരുടെ മുന്നിൽ സിംഗിൾ കിരീടധാരികളായ രാജാക്കന്മാർ നമസ്കരിക്കുകയും തലകുനിക്കുകയും ചെയ്യുവാൻ കാരണം അവർ പവിത്രമായതുകൊണ്ടാണ്. ആ പവിത്ര രാജാക്കന്മാരുടെ ക്ഷേത്രങ്ങൾ പണിതിട്ടുണ്ട് പതീതർ പോയിട്ട് അവരുടെ മുൻപിൽ തല കുനിക്കുന്നു പക്ഷേ ഇവർ ആരാണെന്നോ എന്തിനാണ് നമ്മൾ തലകുനിക്കുന്നതെന്നോ അവർക്കറിയുമോ? സോമനാഥന്റെ ക്ഷേത്രം പണിത് പൂജിക്കുന്നുണ്ട് പക്ഷേ ബിന്ദുവിനെ എങ്ങനെ പൂജിക്കും? ബിന്ദുവിന് എങ്ങനെ ക്ഷേത്രം പണിയാനാണ്, ഇതെല്ലാം വളരെ ഗുപത്മായ കാര്യമാണ്. ഗീതയിലൊന്നും ഇക്കാര്യങ്ങളില്ല. എല്ലാത്തിന്റേയും അധികാരി തന്നെയാണിതൊക്കെ മനസ്സിലാക്കി തരുന്നത്. ഇത്രയും ചെറിയ ആത്മാവിൽ എങ്ങനെയാണ് പാർട്ടടങ്ങിയിരിക്കുന്നതെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ആത്മാവും അവിനാശിയാണ്, പാർട്ടും അവിനാശിയാണ്, അത്ഭതമല്ലേ? ഇതെല്ലാം തയ്യാറാക്കി വച്ചിരിക്കുന്ന നാടകമാണ്. ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതും, ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നാടകം എന്ന് പറയാറില്ലേ? ഡ്രാമയിൽ എന്താണോ ഉള്ളത് അതു തീർച്ചയായും നടക്കും. ചിന്തിക്കേണ്ട കാര്യമേയില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ അവനവനെക്കൊണ്ടുതന്നെ പ്രതിജ്ഞ ചെയ്യിക്കണം- എന്തു സംഭവിച്ചാലും കരയില്ല. ഇന്നയാൾ മരിച്ചു, ആത്മാവു പോയി അടുത്ത ശരീരമെടുത്തു ഇതിൽ കരയാനെന്തിരിക്കുന്നു? തിരിച്ചു വരാൻ പറ്റില്ല. കരഞ്ഞുവോ-തോറ്റു. അതുകൊണ്ട് നമ്മളൊരിക്കലും കരയില്ല എന്ന പ്രതിജ്ഞയെടുക്കുവാൻ ബാബ പറയുന്നു. മുകളിൽ ബ്രഹ്മത്തിലിരിക്കുന്ന ആളിനെക്കറിച്ചു ചിന്തയുണ്ടായിരുന്നു, ഇപ്പോൾ ആ ആളിനെ കിട്ടി. ഇനിയെന്തു വേണം? ബാബ പറയുന്നു നിങ്ങളെന്നെ, ബാബയെ ഓർമ്മിക്കൂ. ഈ രാജധാനി സ്ഥാപിക്കുന്നതിനു വേണ്ടി ഞാൻ ഒരു പ്രാവശ്യമാണ് വരുന്നത്. ഇതിൽ യുദ്ധം നടത്തേണ്ട ആവശ്യം ഇല്ല. യുദ്ധം നടന്നു കഴിഞ്ഞ് പാണ്ഡവർ മാത്രം അവശേഷിച്ചതായി ഗീതയിൽ കാണിച്ചിരിക്കുന്നു. അവർക്കൊപ്പം ഒരു നായ ഒപ്പം കൂടി, അവസാനം പർവ്വതത്തിൽ വച്ചു മരിച്ചതായി കാണിക്കുന്നു. വിജയിച്ചു, മരിച്ചു. ഇതെല്ലാം കെട്ടുകഥകളാണ്. ഇതിനെയാണ് ഭക്തിമാർഗം എന്നു പറയുന്നത്.

ബാബ പറയുന്നു, നിങ്ങൾ കുട്ടികൾക്ക് ഇതിനോട് വൈരാഗ്യം വരണം. പഴയ വസ്തുവിനോടു വെറുപ്പ് വരാറില്ലേ? വെറുപ്പ് എന്ന ശബ്ദം കുറച്ചു കടുത്തതാണ്. വൈരാഗ്യം എന്ന അക്ഷരം മാധുര്യമുള്ളതാണ് ജ്ഞാനം കിട്ടിക്കഴിഞ്ഞാൽ പിന്നെ ഭക്തിയോട് വൈരാഗ്യം വരും. ജ്ഞാനത്തിന്റെ പ്രാലബ്ധം സത്യ ത്രേതായുഗത്തിൽ 21 ജന്മത്തേക്ക് കിട്ടുന്നു. അവിടെ ജ്ഞാനത്തിന്റെ ആവശ്യമില്ല. പിന്നെ നിങ്ങൾ വാമമാർഗത്തിൽ പോകുമ്പോൾ പടിയിറങ്ങുന്നു. ഇപ്പോൾ അന്തിമമാണ്. ബാബ പറയുന്നു, നിങ്ങൾ കുട്ടികൾക്കിപ്പോൾ പഴയ ലോകത്തിനോട് വൈരാഗ്യം വരണം. നിങ്ങളിപ്പോൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി ഇനി ദേവതയാകും. മറ്റുമനുഷ്യർ എന്തറിയാനാണ്. വിരാടരൂപത്തിന്റെ ചിത്രമുണ്ട് പക്ഷേ അതിൽ കുടുമിയുമില്ല, ശിവനുമില്ല. ദേവത , ക്ഷത്രീയൻ ,വൈശ്യൻ, ശൂദ്രൻ എന്നു പറയുന്നു. ശൂദ്രനിൽ നിന്നും ദേവതയാകുന്നത് ആരാണ്, എങ്ങനെയാണ് ഇതൊന്നും അറിയുന്നില്ല. ബാബ പറയുന്നു, നിങ്ങൾ എത്ര സമ്പന്നരായ ദേവതകളായിരുന്നു പിന്നെ ആ ധനമെല്ലാം എവിടെപ്പോയി. തല കുമ്പിട്ട് കുമ്പിട്ട് നെറ്റി

പൊട്ടിച്ച് പൈസയെല്ലാം കളഞ്ഞു. ഇന്നലത്തെ കാര്യമാണ്. നിങ്ങളെ ഇങ്ങനെയാക്കി (ദേവത)മാറ്റിയിട്ട് പോയതാണ്, പിന്നീട് നിങ്ങളെന്തായി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം** :-

1) പരചിന്തനത്തിന്റെ വാർത്താവിനിമയം നടത്തി വായുമണ്ഡലം ചീത്തയാക്കരുത്. ഏകാന്തമായിരുന്ന് സത്യം സത്യമായ പ്രിയതമയായി തന്റെ പ്രിയതമനെ ഓർമ്മിക്കണം.

2) ഒരിക്കലും കരയില്ല എന്ന് സ്വയം പ്രതിജ്ഞയെടുക്കണം. കണ്ണുകളിൽ നിന്നും കണ്ണുനീർ പൊഴിയില്ല. സർവ്വീസബിൾ ആയ, ബാബയുടെ ഹൃദയത്തിൽ ഇരിക്കുന്നവരുമായി മാത്രം കൂട്ടു കൂടണം. തന്റെ രജിസ്റ്റർ വളരെ നല്ലതാക്കി വെക്കണം.

**വരദാനം- തന്റെ ശക്തിശാലിയായ മനോവൃത്തിയിലൂടെ മനസാസേവനം ചെയ്യുന്ന വിശ്വകല്യാണകാരിയായി ഭവിക്കട്ടെ.**

വിശ്വത്തിലെ പിടയുന്ന ആത്മാക്കൾക്ക് വഴി കാണിച്ചുകൊടുക്കാനായി സാക്ഷാൽ ബാബക്കുസമാനം ലൈറ്റ്ഹൗസ്,മൈറ്റ്ഹൗസ് ആയി മാറൂ.ഓരോ ആത്മാക്കൾക്കും എന്തെങ്കിലും നൽകണം എന്ന ലക്ഷ്യം വെക്കണം.അത് മുക്തിയോ,ജീവൻമുക്തിയോ ആകാം. സർവ്വരെ പ്രതിയും മഹാദാനി, വരദാനികളായി മാറൂ.ഇപ്പോൾ താങ്കൾ സ്വന്തം സ്ഥാനത്തെ സേവനങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ ഒരേസ്ഥാനത്തിരുന്നുകൊണ്ട് മനസാ ശക്തിയിലൂടെയും, വായുമണ്ഢലത്തിലൂടെയും, വൈബ്രേഷനിലൂടെയും വിശ്വത്തിന്റ സേവനം ചെയ്യൂ. ഇങ്ങിനെ ശക്തിശാലിയായ വായുമണ്ഢലം സൃഷ്ടിക്കുന്നത്ര പവർഫുൾ ആയ മനോസ്ഥിതി ഉണ്ടാക്കണം.അങ്ങിനെയുള്ളവരെയാണ് വിശ്വകല്യാണകാരി ആത്മാക്കൾ എന്ന് വിളിക്കുക.

**സ്ലോഗൻ : അശരീരി സ്ഥിതിയുടെ എക്സർസൈസിലൂടെയും, വ്യർത്ഥസങ്കൽപങ്ങളാകുന്ന ഭക്ഷണത്തിൽ പഥ്യം വെക്കുന്നതിലൂടെയും സ്വയത്തെ ആരോഗ്യവാൻമാരാക്കി മാറ്റാം.**

**അവ്യക്ത സൂചന-സത്യതയും,സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ തന്റേതാക്കി മാറ്റൂ....**
ഇപ്പോൾ പ്രഭാഷണങ്ങൾക്കുള്ള പുതിയ പ്ളാനുകൾ ഉണ്ടാക്കൂ. വിശ്വശാന്തിയെക്കുറിച്ചുള്ള അനേകം പ്രസംഗങ്ങൾ നടത്തിക്കഴിഞ്ഞു. എന്നാൽ ആധ്യാത്മികജ്ഞാനം, ആധ്യാത്മികശക്തി എന്നാൽ എന്താണ്, ഇതിന്റെ ഉറവിടം ആരാണ് എന്നീ സത്യങ്ങളെ സഭ്യതയോടെ പ്രത്യക്ഷമാക്കൂ. ഭഗവാന്റെ കാര്യം നടന്നുകൊണ്ടിരിക്കുകയാണ് എന്ന് എല്ലാവരും മനസ്സിലാക്കട്ടെ. അമ്മമാർ വളരെനല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സമയം വരുമ്പോൾ അച്ഛനിലൂടെ മകന്റെ പ്രത്യക്ഷതയുണ്ടാകുന്നതുപോലെ, മകനിലൂടെ അച്ഛന്റെ പ്രത്യക്ഷതയും ഉണ്ടാകണം. അപ്പോൾ പ്രത്യക്ഷതയുടെ കൊടി പാറാൻ തുടങ്ങും.